ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബോർഡ് വനിതാക്ഷേമപ്രവർത്തനങ്ങളുടെ ചാർജ്ജ് വനിതാ സമാജത്തിനു് കൊടുക്കുകയും മഹിളാസംഘടനകളും ഗ്രാമസേവികമാക്ക് 75. ക. കൊടുക്കേണ്ടതിനു് ബോർഡിൽനിന്നും 59. ക. മാത്രം കൊടുക്കുകയും ചെയ്തതായറിയുന്നതു് ശരിയാണോ; അതുതന്നെ 3-4 മാസമായി ചില കേന്ദ്രങ്ങളിൽ കിട്ടുന്നില്ല എന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മുമ്പു ലഭിച്ചിരുന്നതുപോലെയുള്ള ശമ്പളം കൊടുക്കാൻ വേണ്ട നടപടികളും കൈക്കൊള്ളുമോ?

ശ്രീ. ആർ. ശങ്കർ: ചില കേന്ദ്രങ്ങളിൽ അങ്ങനെ സംഭവിച്ചിട്ടുണ്ടു്. കേന്ദ്രങ്ങളുടെ കാലാവധി തീരുമ്പോൾ പിന്നെ തുടർന്നു നടത്താനുള്ള വ്യവസ്ഥയില്ല. അതിനു് ഗ്രാന്റു നൽകിയിരുന്നതു് കേന്ദ്ര സോഷ്യൽ വെൽഫെയർ ബോർഡിൽനിന്നാണു്. അവർക്കു് 59 രൂപമാത്രം കൊടുക്കുന്നു എന്നു പറയുന്നതു് ഗ്രാന്റിനത്തിലുള്ളതാണു്. ബാക്കിയുള്ളതു് മഹിളാസമാജങ്ങൾതന്നെ ശേഖരിച്ചുകൊടുക്കണമെന്നാണു് വ്യവസ്ഥ.

വീട്ടുവാടക അലവൻസു്.

* 565. [5] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥന്മാർക്കു വീട്ടുവാടക അലവൻസു് ഇപ്പോൾ നൽകിവരുന്നതു് ഏതു നിരക്കനുസരിച്ചാണു്;

(ബി) സ്വദേശത്തു് ജോലിചെയ്യുന്നവർക്കും ഈ അലവൻസു് നൽകുന്നുണ്ടോ;

(സി) ഈ ആനുകൂല്യം അന്യദേശത്തു് ജോലി ചെയ്യേണ്ടിവരുന്ന പ്രൈവറ്റു സ്കൂളദ്ധ്യാപകർക്കുകൂടി ബാധകമാക്കുന്ന കാര്യം ഗവണ്മെന്റു് പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) എൻ. ജി. ഓ. മാർക്കു് പ്രതിമാസം എഴു രൂപാവീതമാണു് വീട്ടുവാടക അലവൻസു് നൽകിവരുന്നതു്.

(ബി) ഉണ്ടു്.

(സി) എഡ്യുക്കേഷൻ ആക്ടുപ്രകാരമുള്ള ചട്ടങ്ങൾ അനുസരിച്ചു് എയിഡഡു് സ്കൂൾ അദ്ധ്യാപകർക്കു് ഇതു് കൊടുക്കേണ്ടതില്ല. മേൽ ഭേദപ്പെടുത്താൻ ഉദ്ദേശമില്ല.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: സ്വന്തം വീടുകളിൽ നിന്നുപോയി ജോലിചെയ്യുന്ന ഗവണ്മെന്റുദ്യോഗസ്ഥന്മാർക്കുകൂടി കൊടുത്തുവരുന്ന വീട്ടുവാടക അലവൻസു് പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർക്കു കൊടുക്കാതിരിക്കുന്നതിനു് ഒരു തടസ്സം, മേൽപ്രകാരം കൊടുക്കുന്നതിനു ബാദ്ധ്യതയില്ലെന്നതാണു്. ഇന്നു് പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർ അനുഭവിക്കുന്ന വിഷമതകളും മനസ്സിലാക്കിക്കൊണ്ടു് ഗവണ്മെന്റു് അവർക്കുകൂടി ഈ ആനുകൂല്യം കൊടുക്കുന്നതിനു് ശ്രദ്ധിക്കുമോ?

ശ്രീ. ആർ. ശങ്കർ: ഇതിൽ കുറെ വിഷമങ്ങളുണ്ടു്. പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാർ മിക്കവാറും സ്ഥലംമാറ്റത്തിനു വിധേയരാകാതെ കഴിയുന്നവരാണു്. അപൂർവ്വം ചില വലിയ മാനേജ്മെന്റുകളിൽ മാറ്റം വരുത്തി എന്നുവരും. മിക്കവാറും എല്ലാ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർക്കും ഒരു സ്ഥലത്തുതന്നെ കഴിയാനുള്ള സൗകര്യം ഉള്ളതുകൊണ്ടു് അവരെ അല്പമൊന്നു വ്യത്യസ്തമായി പരിഗണിക്കുന്നതിൽ തെറ്റില്ലെന്നാണു് ഗവണ്മെന്റു് വിചാരിക്കുന്നതു്. അവർക്കുകൂടി ഈ സൗജന്യങ്ങളും കൊടുക്കുന്നതിനു് വളരെ വലിയ ഒരു തുക ചെലവാകുകയും ചെയ്യും. ഇപ്പോൾ ഇതു ചെലവാക്കാൻ വിഷമവുമുണ്ടു്. അതിനുപുറമെ, പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാരെ പല കാര്യത്തിലും ഗവണ്മെന്റു് സ്കൂൾ അദ്ധ്യാപകന്മാരെപ്പോലെ പരിഗണിക്കുന

LIBRARY ARCHIVES Kerala Legislative Assembly

തെറ്റാണ പറയുന്നതു് ശരിയല്ല. അവർക്കു ഗവണ്മെൻറു് സ്കൂൾ അദ്ധ്യാപകർക്കില്ലാത്ത ചില സ്വാതന്ത്ര്യങ്ങളുമുണ്ടു്. നിയമസഭാ സാമാജികന്മാരായും, പഞ്ചായത്തു സാമാജികന്മാരായും വരുന്നതിനും, രാഷ്ട്രീയകാര്യങ്ങളും കൈകാര്യം ചെയ്യുന്നതിനും സ്വാതന്ത്ര്യമുണ്ടു്. അതുകൊണ്ടു് ഇവരെ ഗവണ്മെൻറു് സ്കൂൾ അദ്ധ്യാപകരെപ്പോലെ പരിഗണിക്കണമെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: ഗവണ്മെൻറു് സ്കൂൾ അദ്ധ്യാപകർക്കു എയിഡഡു് സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രവർത്തനസ്വാതന്ത്ര്യം കൊടുക്കുന്നതിനു് തങ്ങൾക്കു് സമ്മതമാണെന്നും, ഇന്നു് എയിഡഡു് സ്കൂൾ അദ്ധ്യാപകർക്കു് കൊടുത്തുവരുന്ന പ്രത്യേകസ്വാതന്ത്ര്യം ആവശ്യമില്ലെന്നും, ഒരു ഡിപ്പാർട്ടുമെൻറിനുള്ളനിലയ്ക്കു കരുതിയാൽമതിയെന്നും അസന്ദിഗ്ദ്ധമായ ഉറപ്പു് ഈ അദ്ധ്യാപകന്മാർ എകകണ്ഠമായി തന്നാൽ അതു പരിഗണിക്കാൻ തയ്യാറുണ്ടോ?

ശ്രീ. ആർ ശങ്കർ: അതു തരുന്ന അവസരത്തിൽ അക്കാര്യത്തെപ്പറ്റി പരിഗണിക്കാം.

ശ്രീ. എൻ. ഈ. ബലറാം: ചിലപ്പോൾ ചില പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർക്കു് അന്യദേശത്തുപോയി ജോലി ചെയ്യേണ്ടിവരുന്നു. ഇങ്ങനെയുള്ള അദ്ധ്യാപകർക്കെങ്കിലും, അവരുടെ താമസക്കാലത്തേക്കെങ്കിലും വീട്ടുവാടക അലവൻസു് കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ അപൂർവ്വമായി ചിലർക്കു് അവരുടെ സ്ഥലത്തുനിന്നു് മാറിത്താമസിക്കേണ്ടിവരുമെന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ മിക്കവാറും എല്ലാപ്രൈവറ്റു് സ്കൂൾ അദ്ധ്യാപകരും വളരെയേറെ സുരക്ഷിത ബോധത്തോടുകൂടി കഴിയുന്നവരാണു്.

Schools for blind, deaf and dumb children.

* 566. [5] **Shri Parayil Shamsudeen**: Will the Chief Minister be pleased to state:

(a) what is the number of schools in the State for blind, deaf and dumb children;

(b) whether this is adequate; and

(c) if not, will the Government be pleased to start more schools for such children?

Chief Minister (**Shri R. Sankar**):

(a) 8 (Eight) schools. (Five Government schools, two private schools recognised by Government and one unrecognised private school)

(b) No.

(c) A meeting of the members of the Advisory Committee for the Welfare of the Handicapped was held on 13-12-1963, and an expert sub committee has been formed from among the members to make a survey of the existing institutions for the handicapped in this State and to submit a report containing suggestions for improvement of the existing institutions and increasing the strength in them. The question of opening more schools can be considered after the the report of the committee is received.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഈ സ്കൂളുകളിലെല്ലാം കൂടി എത്ര വിദ്യാർത്ഥികളുണ്ടെന്നും, അവർക്കു നൽകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly